പതിനാലാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3376 10.12.2018-ലെ മറുപടിക്ക്

'റീസർവ്വെയിൽ തോട്ടം എന്ന് തെറ്റായി രേഖപ്പെടുത്തിയ ഭൂമി'

**ചോദ്യം**
ശ്രീ.പി.സി.ജോർജ്

**മറുപടി**
ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | കോട്ടയം ജില്ല മീനച്ചിൽ താലൂക്കിലെ പൂഞ്ഞാർ തെക്കേക്കര വില്ലേജ്, പാറത്തോട്, എരുമേലി, കൊണ്ടൂർ, വില്ലേജുകളിൽ നടന്ന റീസർവ്വേയിൽ വസ്തുവിന്റെ ഇനം രേഖപ്പെടുത്തുന്ന ഭാഗത്ത് തോട്ടം എന്ന് തെറ്റായി രേഖപ്പെടുത്തിയത് കൊണ്ട് ജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്. കോട്ടയം ജില്ലയിലെ കൊണ്ടൂർ വില്ലേജിൽ 12/07/2018, 13/07/2018 തീയതികളിൽ അദാലത്ത് നടത്തുവാൻ അപേക്ഷകൾ സ്വീകരിക്കുകയും 26/08/2017-ലെ സർക്കാർ ഉത്തരവ് ജി.ഒ.(എം.എസ്) നമ്പർ 303/2017 പ്രകാരം നടപടി സ്വീകരിച്ച് വരുന്നു. എന്നാൽ അപേക്ഷ വസ്തു കേരള ഭൂപരിഷ്കരണ നിയമം, 1963 സെക്ഷൻ 81(1)ഇ പ്രകാരം ഇളവ് അനുവദിച്ച തോട്ടഭൂമിയാണോ എന്ന് പരിശോധിക്കുന്നതിന് മറ്റ് താലൂക്ക് ബോർഡുകളിൽ നിന്നും മീനച്ചിൽ താലൂക്കിലെ വസ്തുക്കൾക്ക് ഇളവ് നൽകിയിട്ടുണ്ടോ എന്ന് വ്യക്തത വരുത്തുന്നതിന് എല്ലാ താലൂക്ക് ലാൻഡ് ബോർഡുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ചുരുക്കം ലാൻഡ് ബോർഡുകളിൽ നിന്നും മാത്രമേ ലിസ്റ്റ് ലഭിച്ചിട്ടുള്ളൂ. കൂടാതെ ബി.റ്റി.ആർ ഉൾപ്പെടെയുള്ള റവന്യൂ റിക്കാർഡുകളിൽ Relis Data-യിലും തിരുത്തൽ വരുത്തുന്നതിനും സർവ്വെ വകുപ്പിൽ നിന്നും റീ സർവ്വെ റിക്കാർഡുകൾ തയ്യാറാക്കിയ വേളയിൽ 'തോട്ടം' എന്ന രേഖപ്പെടുത്തൽ ചേർക്കാനുണ്ടായ സാഹചര്യം സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കി പരിശോധിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | പ്രസ്തുത ഭൂമികൾ ക്രയവിക്രയം ചെയ്യുവാനോ ബാങ്ക് ലോണുകൾ എടുക്കുന്നതിനോ ഭൂവുടമകൾക്ക് സാധിക്കാത്തത് പരിഹരിക്കുവാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | | |
| (സി) | പ്രസ്തുത ജില്ലയിലെ റീസർവ്വേ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുവാൻ രാഷ്ട്രീയകക്ഷികളുടെ ഒരു യോഗം വിളിച്ചുകൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | (സി) | ഇപ്പോൾ അങ്ങനെയൊരു തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ